ഉത്തരം

(എ&ബി) ഉണ്ട്. ശ്രീ. ആർ. പരമേശ്വരൻ പിള്ള, എക്സ് എം. എൽ.എ (ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ) ചെയർമാനായുള്ള സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്.

1. ഡോ. ടി. എം. തോമസ് ഐസക്ക്, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.
2. ശ്രീ. കെ. കെ. ജോസഫ്, പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക്.
3. ശ്രീ. എം. ഗംഗാധരക്കുറുപ്പ്, ചെയർമാൻ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ.
4. ശ്രീ. എം. എം. മോനായി, പ്രസിഡന്റ്, ജില്ലാ സഹകരണ ബാങ്ക്, എറണാകുളം.
5. ശ്രീ. വി. ജി. മനമോഹൻ, മെമ്പർ, എക്സ്പർട്ട് ഗ്രൂപ്പ് ജനകീയാസൂത്രണ പ്രസ്ഥാനം.
6. ശ്രീ. കെ. എം. ഷാജഹാൻ, സംസ്ഥാന ആസൂത്രണ ബോർഡ്
7. ശ്രീമതി ടി. എൻ. സീമ, മെമ്പർ, എക്സ്പർട്ട് ഗ്രൂപ്പ് ജനകീയാസൂത്രണ പ്രസ്ഥാനം.
8. ശ്രീ. പി.സി. ഗോപാലൻ, ജോയിന്റ് ഡയറക്ടർ, വ്യവസായവകുപ്പ്.
9. ശ്രീ. പി.എസ്. കെ. സെൻ, അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് മാനേജർ, സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്.
10. ശ്രീ. കെ. ആർ. രാജശേഖർ, സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ.
11. ശ്രീ. കെ. വി. സുരേഷ് ബാബു, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ.
12. ശ്രീ. ആർ. ശിവരാജൻ, പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് കരകുളം.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സഹകരണ നിയമത്തിൽ ചില ഭേദഗതികൾ വരുത്തിയിട്ടുള്ളത്. മറ്റ് ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പന്തളം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റിനെതിരെയുള്ള പരാതി

103 (255) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സർക്കാർ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ പ്രസിഡന്റിനെതിരായ പരാതിയെപ്പറ്റി പോലീസ് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആരോപണ വിധേയനായ പ്രസിഡന്റിനെ മാറ്റി നിർത്തി അന്വേഷണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാരിന് ലഭിച്ച പരാതി സഹകരണ സംഘം രജിസ്ട്രാറുടെ അന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഇതിനെ സംബന്ധിച്ച് സഹകരണ വകുപ്പ് വിജിലൻസ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നുണ്ട്. ആരോപണ വിധേയനായ പ്രസിഡന്റിനെ മാറ്റി നിർത്തണമോയെന്നുള്ളത് ഭരണ സമിതിയാണ് തീരുമാനിക്കേണ്ടത്.

നീതി സ്റ്റോറുകൾ വഴിയുള്ള പാചക ഗ്യാസ് വിതരണം

104 (256) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതി സ്റ്റോർ വഴി പാചക ഗ്യാസ് വിതരണം ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം നീതി സ്റ്റോറുകളിൽ പാചക ഗ്യാസ് വിതരണത്തിലും സ്റ്റോക്കിലും അപാകതകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് വിശദമാക്കാമോ ;

(സി) അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 75 നീതി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

(ബി) നീതി സ്റ്റോറിലെ ഗ്യാസിന്റെ സ്റ്റോക്കിൽ അപാകതകൾ ഒന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ പാചകവാതക റീഫിൽ സപ്ലൈ കഴിഞ്ഞ രണ്ടുമാസമായി കാലതാമസം ഉണ്ടായിട്ടുണ്ട്.

(സി) നീതിസ്റ്റോറുകൾ വഴിയുള്ള പാചക വാതക വിതരണത്തിൽ കാല താമസം വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാചക വാതക

LIBRARY ARCHIVES Kerala Legislative Assembly